2159
29/11/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്-പെരിയാർ തടാകത്തിൽ സ്പീഡ് ബോട്ട് എൻജിൻ നഷ്ടപ്പെട്ടത്-അച്ചടക്ക നടപടി-ശ്രീ.റോമി മാത്യൂ, സീനിയർ സൂപ്രണ്ട് (റിട്ട) സമർപ്പിച്ച റിവ്യൂ ഹർജി -നിരസിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.25/2018/വനം തീയതി, തിരുവനന്തപുരം,19.01.2018.

---

പരാമർശം:-
1) 17.10.2007 ലെ വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ WL5-4977/99 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2) 17.11.2011 ലെ ട്രൈബൽ മിഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-12847/2008 നമ്പർ ഉത്തരവ്
3) 31.03.2012 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-12847/2008 നമ്പർ ഉത്തരവ്
4) 27.09.2017 തീയതിയായി ശ്രീ.റോമി മാത്യൂ, സീനിയർ സൂപ്രണ്ട് (റിട്ട) സമർപ്പിച്ച റിവ്യൂ ഹർജി.
5) 07.10.2017 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-12847/2008 നമ്പർ കത്ത്

**ഉത്തരവ്**

പെരിയാർ ഈസ്റ്റ് ഡിവിഷൻ തേക്കടി ഓഫിസിലെ ഒരു ബോട്ടിന്റെ എൻജിൻ 31.07.1999-ൽ പെരിയാർ തടാകത്തിൽ ആഴ്ന്ന് പോവുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ബോട്ടിന്റെ എൻജിൻ നഷ്ടപ്പെട്ടതിന് ഉത്തരവാദി വള്ളക്കടവ് റെയിഞ്ചാഫീസറായിരുന്ന ശ്രീ.വി.എൽ.രവീന്ദ്രൻ നായർ ആണെന്ന് കണ്ടെത്തി. എൻജിൻ നഷ്ടപ്പെട്ടത് പ്രകാരം സർക്കാരിലേയ്ക്ക് 1,11,173/- രൂപ നഷ്ടം സംഭവിച്ചു. ടി വിഷയത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയതു വഴി കുറ്റപത്രം യഥാസമയം അംഗീകാരത്തിന് സമർപ്പിക്കാതിരുന്നതു മൂലം റെയിഞ്ചോഫീസർ പെൻഷൻ പറ്റി പിരിഞ്ഞ് പോകുന്നതിന് മുമ്പായി ടിയാന്റെ പേരിൽ ശിക്ഷണ നടപടികൾ എടുക്കുന്നതിനും സർക്കാർ നഷ്ടം ഈടാക്കുവാനും കഴിയാതെ വന്നു.

2) കുറ്റാരോപിതനായ റെയിഞ്ചാഫീസർ ശ്രീ.വി.എൽ.രവീന്ദ്രൻ നായർക്കെതിരെ നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയതിന് ഉത്തരവാദികളായ പെരിയാർ ഈസ്റ്റ് ഡിവിഷനിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.രാജേഷ് ഗോപാൽ, എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.ബി.ബിനു, തിരുവനന്തപുരം വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ.റോമി മാത്യൂ എന്നിവർക്ക് തിരുവനന്തപുരം വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ഓഫീസിൽ നിന്നും കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി പരാമർശം (1) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചു.

3) ടി കേസിലെ സർക്കാർ നഷ്ടമായ 1,11,173/-രൂപ സർവ്വശ്രീ.രാജേഷ് ഗോപാൽ, റോമി മാത്യു, ബിനു എന്നിവരിൽ നിന്നും ആനുപാതികമായി (37508 രൂപ വീതം) ഈടാക്കിക്കൊണ്ട് ടിയാന്മാർക്ക് എതിരെയുള്ള അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി ഉത്തരവായി.

4) അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ശ്രീ.റോമി മാത്യു, ഹെഡ് അക്കൗണ്ടന്റ് സമർപ്പിച്ച അപ്പീലിൽ കുറ്റപത്രത്തിന് നൽകിയ മറുപടിയിലും കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിലും കൂടുതലായി യാതൊന്നും ബോധിപ്പിച്ചിട്ടില്ലാത്തതിനാലും അപ്പീലിലെ വാദങ്ങളൊന്നും ടിയാനെ കുറ്റവിമുക്തനാക്കുവാൻ പര്യാപ്തമല്ലാത്തതിനാലും ടി അപ്പീൽ പരാമർശം (3) പ്രകാരം നിരസിച്ച് ഉത്തരവായി.

5) തുടർന്ന് ശ്രീ.റോമി മാത്യു പരാമർശം (4) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അയച്ചു തന്നു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.റോമി മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി 17.11.2011 ൽ തീർപ്പാക്കിയിട്ടുള്ളതും അപ്പീൽ 31.03.2012 ൽ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്. അപ്പീൽ നിരസിച്ചതിനെ തുടർന്ന് സർക്കാർ നഷ്ടത്തിലെ ടിയാന്റെ ആനുപാതിക വിഹിതമായ 37,058/- രൂപ ഡി.സി. ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുമുണ്ട്. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ഭാഗം VII ചട്ടം 35 പ്രകാരം റിവ്യൂ ഹർജി രണ്ടുമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപ്പീൽ നിരസിച്ച് ഉത്തരവായി അഞ്ചര വർഷങ്ങൾക്ക് ശേഷം ശ്രീ.റോമി മാത്യു പരാമർശം (4) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി കാലതാമസം മാപ്പാക്കി പരിഗണിക്കേണ്ട യാതൊരു വസ്തുതകളും നിലനിൽക്കാത്തതിനാൽ പ്രസ്തുത ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

നാസറുദ്ദീൻ എ

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്)
& ചീഫ് വൈൽഡ് ലൈഫ് വാർഡൻ

ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട് (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ